# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## യുവാക്കൾക്ക് പാപ്പയുടെ മൂന്ന് മാർഗ്ഗങ്ങൾ



സുവിശേഷത്തിന്റെ ഏറ്റവും നല്ല സാക്ഷികളാകാൻ യുവജനങ്ങൾക്ക് ഫ്രാൻസിസ് പാപ്പാ മൂന്ന് മാർഗ്ഗങ്ങൾ ഉപദേശിക്കുന്നു. സർവ്വശക്തനായ ദൈവത്തോട് 'അതെ' എന്നു പറയാൻ തയ്യാറാകണമെന്നതാണ് ഒന്നാമത്തെ കാര്യം. പ്രാർത്ഥന എന്നതിനെ ചുരുക്കാം. വിശുദ്ധകുർബാനയും സുവിശേഷപ്രവർത്തനവുമാണ് രണ്ടാമ ത്തെയും മൂന്നാമത്തെയും മാർഗ്ഗങ്ങൾ. സൗത്ത് കൊറിയയിലെ ദേജിയോൺ ചാപ്പലിൽ തന്നെ കാണാൻ തടിച്ചുകൂടിയ ജനങ്ങളോട് സംസാരിക്കുകയായിരുന്നു പാപ്പാ. ഇംഗ്ലീഷി ലാണ് പാപ്പാ സംസാരിച്ചത്.
"ദൈവം നിങ്ങൾക്കുമേൽ ശ്രദ്ധാലുവാണെന്ന്" പാപ്പാ ആവർത്തിച്ച് ഓർമ്മപ്പെട്ടു ത്തി."മാമ്മോദീസ സ്വീകരിക്കുന്ന സമയത്ത് ദൈവം നമ്മുടെ ഹൃദയത്തിൽ കടന്നു വരുന്നു. സ്ഥൈര്യലേപനത്തിൽ അവിടുത്തെ പരിശുദ്ധാത്മാവിനെ നമുക്ക് നൽകുന്നു. വിശുദ്ധകുർബാനയിലെ സ്ഥിരമായ സാന്നിദ്ധ്യത്താൽ ലോകത്തിന്റെ മുന്നിൽ അവിടുത്തെ സാക്ഷികളാകാൻ നിങ്ങൾക്കു കഴിയും."
തന്റെ വാക്കുകൾ കൂടുതലും ഫ്രാൻസിസ് പാപ്പാ ഉപയോഗിച്ചത് യുവജനങ്ങൾ ക്കുവേണ്ടിയായിരുന്നു. ദൈവം അവർക്കായി പദ്ധതികൾ ഒരുക്കിയിട്ടുണ്ട്. എന്താണ് ചെയ്യേണ്ടതെന്നു പ്രാർത്ഥനയിലൂടെ ദൈവത്തോടു ചോദിക്കുക. കൊറിയകളുടെ വിഭജനത്തെക്കുറിച്ച് ചോദിച്ച പെൺകുട്ടിയോട് ഉപദേശവും പ്രതീക്ഷയും നിറഞ്ഞ മറുപടിയാണ് പാപ്പാ നൽകിയത്. ഉപദ്വീപുകളാണ് വിഭജിക്കപ്പെട്ടതെന്നും ഇപ്പോഴും കൊറിയ ഒരു കുടുംബമാണെന്നും പാപ്പാ പറഞ്ഞു. ഉത്തരകൊറിയയ്ക്കുവേണ്ടി പ്രാർത്ഥിക്കാനും രണ്ടു കൊറിയകളും തമ്മിൽ ഒന്നുചേരുമെന്നു പ്രതീക്ഷിക്കാനും പാപ്പാ കൂട്ടിച്ചേർത്തു. ഒരു വ്യക്തി യഥാർത്ഥത്തിൽ ദൈവവിശ്വാസിയാണോ എന്നെങ്ങനെയറിയാം എന്ന ചോദ്യത്തിന് പാപ്പാ പ്രതികരിച്ചത് ഇങ്ങനെയായിരുന്നു. "നിങ്ങൾ നിങ്ങളുടെ അയൽക്കാരനെ സ്നേഹിക്കുന്നുണ്ടെങ്കിൽ, ഹൃദയത്തിൽ വെറുപ്പും വിദ്വേഷവും സൂക്ഷിക്കുന്നില്ലെങ്കിൽ, നിങ്ങൾ ദൈവത്തെ സ്നേഹിക്കുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവാണത്."